Page 1 of 1

## സിഡ്കോ മാനേജിംഗ് ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം

134 (4293) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിഡ്കോ മാനേജിംഗ് ഡയറക്ടർ ആയിരുന്ന സജി ബഷീറിനെതിരെ ഏതെല്ലാം ക്രമക്കേടുകൾക്കെതിരെയുള്ള പരാതികളാണ് വിജിലൻസ് വകുപ്പ് അന്വേഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ഉത്തരം അനുബന്ധമായി* ചേർക്കുന്നു.

## സിഡ്കോയുടെ കടവന്ത്രയിലെ ഭൂമിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

135 (4294) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ അധീനതയിലുള്ള കടവന്ത്രയിലെ ഭൂമി ഒരു സ്വകാര്യ സ്ഥാപനത്തിന് പാട്ടത്തിന് കൊടുത്തതുമായി ബന്ധപ്പെട്ട കരാറിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് വ്യവസായ വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) അന്വേഷണം ആവശ്യപ്പെട്ട് എന്നാണ് വിജിലൻസ് വകുപ്പിന് കത്ത് നൽകിയത്;

(സി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിജിലൻസ് (ബി) വകുപ്പിന്റെ 1-10-2016-ലെ 9479/B1/16/Vig. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) വിജിലൻസ് അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1-ൽ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly